പതിനാലാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1366 04.02.2019 ൽ മറുപടിയ്ക്ക്

## സീനിയറേജ് അടയ്ക്കാതെ തോട്ടങ്ങളിൽ നിന്നും റബ്ബർ മരം മുറിച്ച് മാറ്റുന്നതിന് അനുമതി

| ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹാരിസൺ അടക്കമുള്ള വൻകിട തോട്ടങ്ങളിൽ നിന്നും സീനിയറേജ് അടയ്ക്കാതെ റബ്ബർ മരം മുറിച്ച് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം അറിയിക്കുമോ; | (എ) | റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ. ഉ. (കൈ) 24/18/വനം തീയതി 27.06.2018 പ്രകാരമാണ് ഉത്തരവ് നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവിൽ വൻകിടതോട്ടങ്ങൾ എന്നോ ചെറുകിട തോട്ടങ്ങൾ എന്നോ പരാമർശിച്ചിട്ടില്ല. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും, 26.02.2018 ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥൻമാരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ, റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിൻറെ അടിസ്ഥാനത്തി ലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിയോഗിച്ച കമ്മിറ്റി റബ്ബർ മരങ്ങളുടെ സീനിയറേജ് പൂർണമായും ഒഴിവാക്കി നൽകണമെന്ന് ശിപാർശ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച്, റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ട് പരിഗണിച്ച് ശുപാർശ നൽകുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ടാക്സസ്, ഫിനാൻസ്, ഫോറസ്റ്റ്, റവന്യൂ, അഗ്രികൾച്ചർ, ലേബർ & സ്കിൽസ്, നിയമം എന്നീ സെക്രട്ടറിമാർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി റബ്ബർ മരങ്ങളുടെ സീനിയറേജ് പൂർണമായും ഒഴിവാക്കി നൽകണമെന്ന് ശുപാർശ നൽകിയിരുന്നില്ല. |
| (സി) | ഇല്ലെങ്കിൽ എന്ത് തുക ഈടാക്കണമെന്നാണ് കമ്മിറ്റി ശിപാർശ ചെയ്തത്; | (സി) | നിലവിലുണ്ടായിരുന്ന സീനിയറേജ് തുകയായ ഒരു ക്യൂബിക് മീറ്ററിന് 2500/- രൂപ എന്ന നിരക്കിൽ നിന്നും 1000/- രൂപയായി കുറയ്ക്കണമെന്നാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. |
| (ഡി) | കമ്മിറ്റിയുടെ പ്രസ്തുത ശിപാർശക്ക് വിരുദ്ധമായി സീനിയറേജ് പൂർണമായും ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഡി) | തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർ ദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും മേൽ കമ്മിറ്റിയുടെ 27.09.2017 - ന കൂടിയ യോഗത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ, റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന |

| | | | |
|---|---|---|---|
| | | | സീനിയറേജ് നിലവിലുണ്ടായിരുന്ന ഒരു ക്യുബിക് മീറ്ററിന് 2500/- രൂപ എന്ന നിരക്കിൽ നിന്നും 1000/- രൂപയായി കുറയ്ക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. അതിനുശേഷം 26.02.2018 ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പ് മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മറ്റു ഉന്നത ഉദ്യോഗസ്ഥരുടെയും തൊഴിലാളി യൂണിയൻ നേതാക്കളുടെയും യോഗം ചേരുകയും, ടി യോഗത്തിൽ "റബ്ബർ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ റീപ്ലാന്റിംഗിന് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ്" എന്ന് തീരുമാനിച്ചിട്ടുണ്ട്. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും, 26.02.2018 ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥൻമാരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ, റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിൻറെ അടിസ്ഥാനത്തി ലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. |
| (ഇ) | കമ്മിറ്റിയുടെ ശിപാർശക്ക് വിരുദ്ധമായി സീനിയറേജ് പൂർണമായും ഒഴിവാക്കി കൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; | (ഇ) | WP © No.40726/18 എന്ന കേസിൽ 14.12.2018 - ലെ ഉത്തരവിൻ പ്രകാരം 14.12.2018 - ലെ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. സ. ഉ. (കൈ) 24/18/വനം തീയതി 27.06.2018 പ്രാവർത്തികമാക്കുന്നത് ടി കേസിലെ തുടർ ഉത്തരവുകൾക്ക് വിധേയമായിരിക്കും എന്നും ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | സർക്കാർ ഉത്തരവ് വന്നത് മുതൽ ഹൈക്കോടതി ഇത് സ്റ്റേ ചെയ്യുന്നത് വരെ സീനിയറേജ് അടയ്ക്കാതെ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റിയതിലൂടെ ഹാരിസൺ അടക്കമുള്ള വൻകിട തോട്ടമുടമകൾക്ക് എത്രകോടി രൂപയുടെ ആനുകൂല്യമാണ് ലഭിച്ചതെന്ന് വെളിപ്പെടു ത്താമോ? | (എഫ്) | . സീനിയറേജ് ഒഴിവാക്കിയതിനുശേഷമുള്ള റബ്ബർ മരങ്ങളുടെ മുറിച്ചുമാറ്റലിന്റെ വിവരങ്ങൾ വനം വകുപ്പ് ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ